# കേരള സർവകലാശാല

നം. പി.ആർ.249/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.ജി പ്രവേശനം 2017-18 : നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു - നവംബർ 17,18 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാല 2017-2018 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് ഒടുക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 നവംബർ 17,18 തീയതികളിലായി അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. മുൻപുള്ള അലോട്ട്മെന്റുകളിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ബിരുദാനന്തരബിരുദ പ്രവേശനം 2017-18 - യു.ഐ.ടി.കളിൽ പുതുതായി അനുവദിച്ച എം.കോം കോഴ്സുകൾക്ക് അപേക്ഷിക്കാം.

കേരള സർവകലാശാലയുടെ വെള്ളറട, പാറശ്ശാല യു.ഐ.ടി.കളിൽ പുതുതായി അനുവദിച്ച എം.കോം കോഴ്സുകൾക്ക് നവംബർ 17 വൈകുന്നേരം അഞ്ച് മണി വരെ അപേക്ഷ സമർപ്പിക്കാം. മേൽപ്പറഞ്ഞ രണ്ട് യു.ഐ.ടി.കളിലേയ്ക്കുമുള്ള പ്രവേശനത്തിന് വെള്ളറട യു.ഐ.ടി. പ്രിൻസിപ്പലിനാണ് വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടത്. ഏത് യു.ഐ.ടി.യിലെ കോഴ്സിലേയ്ക്കാണ് പ്രവേശനം ആഗ്രഹിക്കുന്നതെന്ന്

അപേക്ഷയിൽ കൃത്യമായും രേഖപ്പെടുത്തണം. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഓൺലൈൻ അപേക്ഷയുടേയും മാർക്ക് ലിസ്റ്റുകളുടേയും സംവരണം/മറ്റാനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടേയും പകർപ്പ് ഉണ്ടായിരിക്കണം. രണ്ട് യു.ഐ.ടി.കളിലേയും എം.കോം കോഴ്സുകൾക്ക് അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. രണ്ട് യു. ഐ.ടി കളിലേയ്ക്കുമുള്ള പ്രവേശനം നവംബർ 24 ന് വെള്ളറട യു.ഐ.ടി. യിൽ വച്ച് നടത്തുന്നതാണ്.
*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം നെടുമങ്ങാട് പന വൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന ഹയർ സെക്കൻഡറി ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയ്ക്കാവ ശ്യമായ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് കാലാവധി ആറ് മാസം യോഗ്യത : പ്ലസ്ടു/പ്രീഡിഗ്രി ജയിച്ചിരിക്കണം. ക്ലാസ്സുകൾ: ശനി, ഞായർ. അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്നും ലഭിക്കും. അപേ ക്ഷാഫീസ് : 110 രൂപ, ഫോൺ: 0472-2867555, 7293973530.

## എം.ഫിൽ സീറ്റ് ഒഴിവുകൾ

കേരള സർവകലാശാലയിലെ ആർക്കിയോളജി, അക്വാട്ടിക് ബയോളി, ഡെമോ ഗ്രാഫി, എൻവയോൺമെന്റൽ സയൻസ്, ജിയോളജി, പൊളിറ്റിക്കൽ സയൻസ്, സംസ്കൃതം, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ്, തമിഴ്, എന്നീ വകുപ്പു കളിൽ എസ്.സി/എസ്.റ്റി വിഭാഗങ്ങളിൽ ഏതാനും ഒഴിവുകളുണ്ട്. താല്പര്യ മുള്ള വിദ്യാർത്ഥികൾ നവംബർ 22 ന് രാവിലെ 10.30 ന് അതാതു ഡിപ്പാർട്ട്മെന്റുകളിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ബോട്ടണി, കെമിസ്ട്രി,ഇക്ക ണോമിക്സ്, ഹിന്ദി, മലയാളം, ഫിലോസഫി എന്നീ വകുപ്പുകളിൽ എസ്.സി/എസ്.റ്റി വിഭാഗങ്ങളിൽ ഏതാനും ഒഴിവുകളുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ നവംബർ 23 ന് രാവിലെ 10.30 ന് അതത് വകുപ്പുകളിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്.

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷ ഫലം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം മാവേലിക്കര ബിഷപ്മൂർ കോളേജിൽ സംഘടിപ്പിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെ ജൂണിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. രജി. നം. 11122 (അജയ് എ.ആർ) ഒന്നാം റാങ്ക് നേടി.

## ത്രിദിന ശിൽപ്പശാല

കേരള സർവകലാശാല കമ്പ്യൂട്ടർ സയൻസ് പഠന വകുപ്പും തിരുവനന്തപുരം ശ്രീ. ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയും സംയുക്തമായി 'ഇമേജ് അനാലിസിസ് ഇൻ ബയോസ യൻസ് റിസർച്ച്' എന്ന വിഷയത്തിൽ നവംബർ 29 മുതൽ ഡിസംബർ ഒന്ന് ത്രിദിന ശിൽപ്പശാല സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.dcsku.org/libr) ലഭിക്കും.

തിരുവനന്തപുരം.
16.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098